# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3620 — 10.04.2013-ലെ മറുപടിയ്ക്കുള്ളത്

## ''കൃഷി വകുപ്പിലെ താല്ക്കാലിക തസ്തികകൾ''

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) 2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, കെ.എൽ.ഡി.സി., കെപ്കോ, കാംകോ, കേരഫെഡ്, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയിൽ എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സ്ഥാപനങ്ങൾ തിരിച്ചുള്ള ഇവരുടെ കണക്കുകൾ ലഭ്യമാക്കാമോ ?

**ഹോർട്ടികൾച്ചർ മിഷൻ**

(എ) & (ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ 2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ ദിവസവേതനത്തിൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്.

**ഹോർട്ടികോർപ്പ്**

2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ 11 പേരെ കരാറടിസ്ഥാനത്തിലും 83 പേരെ ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

**കേരള ലാൻറ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ**

2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ വിവിധ അവസരങ്ങളിലായി നിയമനം നൽകിയ താൽക്കാലിക ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഓവർസിയർ ഗ്രേഡ് | 7 |
| 2 | ലസ്കർ/ഹെൽപ്പർ | 2 |
| 3 | അസി. ഗ്രേഡ് 2 | 2 |
| 4 | ഡ്രൈവർ | 3 |
| | ആകെ | 14 |

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ)

2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ കെപ്കോയിൽ 97 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. (51 പേർ കോൺട്രാക്റ്റ് അടിസ്ഥാനത്തിലും 46 പേർ ദിവസവേതനാടിസ്ഥാനത്തിലും)

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ

2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ ഈ കോർപ്പറേഷൻെറ നാല് യൂണിറ്റുകളിലുമായി കരാറടിസ്ഥാനത്തിൽ 392 പേരെ നിയമിച്ചിട്ടുണ്ട്. ഒരു വർഷത്തെ കരാർ കാലാവധി പൂർത്തിയാക്കാവുന്ന മുറയ്ക്ക് ഇവരെ വിടുതൽ നൽകി വിടുന്നുണ്ട്.

കേരഫെഡ്

2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ കേരഫെഡിൽ 8 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഓഫീസ് അസിസ്റ്റൻറ് (ദിവസവേതനം) | 2 |
| 2 | കാഷ്വൽ വർക്കർ (ദിവസവേതനം) | 1 |
| 3 | ഫിറ്റർ (എംപ്ലോയ് മെൻറ് എക്സ്ചേഞ്ച്) | 3 |
| 4 | ഇലക് ട്രീഷ്യൻ (എംപ്ലോയ് മെൻറ് എക്സ്ചേഞ്ച്) | 2 |

| | |
|---|---|
| | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ<br>2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ 6 പേർക്ക് ഓവർസിയർ ഗ്രേഡ് 2 തസ്തികയിൽ 6 മാസ കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നു. അതിൽ 5 പേർ നിയമനം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ഡ്രൈവറേയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.